പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.6039

04/07/2019-ൽ മറുപടിയ്ക്ക്

## 3 കോടി രൂപയുടെ പദ്ധതിയിൽ നിറമരുതൂർ ഗവ. യു.പി. എസ് -നെ ഉൾപ്പെടുത്തുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) ആയിരത്തിൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങൾക്കുള്ള മൂന്ന്കോടി രൂപയുടെ പദ്ധതിയിൽ താനൂർ സബ്ജില്ലയിൽ ഉൾപ്പെട്ട ഗവ. യു.പി.എസ്. നിറമരുതൂർ (സ്കൂൾ കോഡ് -19639) ഉൾപ്പെട്ടിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) കഴിഞ്ഞ വർഷം ബൈഫർക്കേഷനിലൂടെ നിലവിൽ വന്ന നിറമരുതൂർ ഗവ. യു.പി.എസ്. നെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;<br>(സി) സ്ഥല സൗകര്യത്തിലെ പരിമിതി മൂലം വീർപ്പുമുട്ടുന്ന പ്രസ്തുത വിദ്യാലയത്തിൽ ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ, വിശദമാക്കുമോ? | (ബി) & (സി) 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 1000 കുട്ടികളിൽ കൂടുതൽ കുട്ടികൾ ഉള്ള സ്കൂളുകളെ മാത്രമാണ് കിഫ്ബി ധനസഹായത്തോടെ 3 കോടി രൂപ ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് തെരഞ്ഞെടുത്ത് ഭരണാനുമതി നൽകിയിട്ടുള്ളത്. |

Namitha.P

സെക്ഷൻ ഓഫീസർ